**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6764** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | (എ) ഉണ്ട്, 02/06/2018 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം എസ്.ആർ.ഒ നമ്പർ.366/2018 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ സി.െഎ.എസ്.സി. ഇ എന്നീ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ നടത്തിപ്പ് എത്രമാത്രം കാര്യക്ഷമമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (ബി) 2017 ലെ മലയാള ഭാഷാ പഠന ആക്ട് പ്രകാരം, അദ്ധ്യാപക പാനലുകൾ രൂപീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിലും ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തലത്തിലും പരിശോധനകൾ നടത്തുന്നതിന് 2018ൽ തന്നെ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മലയാള ഭാഷാ പഠനവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന മറ്റ് പരാതികൾ ഡയറക്ടർ തലത്തിലും പരിഹരിക്കുന്നുണ്ട്. |
| (സി) | ഉത്തരവ് നടപ്പാക്കാത്ത വിദ്യാലയങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | (സി) 2018 ലെ മലയാള ഭാഷാ ചട്ടം ലംഘിക്കുന്ന സ്കൂളുകളിൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾപ്പെടെ ചട്ടം 8, 9 പ്രകാരം നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; അറിയിക്കുമോ; | (ഡി) | ഡി) 01.09.2011 ലെ സ.ഉ(പി)നം.183/2011/ പൊ.വി ഉത്തരവ് പ്രകാരം കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാരെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. എങ്കിലും, ഈ സ്ഥാപനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ എൻ.സി.ഇ.ആർ.ടി പാഠ്യപദ്ധതി പിൻതുടർന്നുവരുന്നതിനാൽ മലയാള ഭാഷാ പഠനം നടപ്പിലാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. |
| (ഇ) | മലയാള ഭാഷ പഠനം നിർബന്ധമാക്കിയ സർക്കാർ ഉത്തരവ് സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾക്ക് ബാധകമാണോയെന്ന് വെളിപ്പെടുത്തുമോ? | (ഇ) | (ഇ) ബാധകമാണ്. |

സെക്ഷൻ ഓഫീസർ